"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിത ശിശു വികസന വകുപ്പ്- ശ്രീ ചിത്ര ഹോമിലെ ഒഴിവുള്ള തസ്തികകളിലേക്കുള്ള നിയമനം - സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിപ്പിക്കുന്നു.

---

**വനിത ശിശു വികസന(സി) വകുപ്പ്**

സ.ഉ.(സാധാ) നം.267/2024/WCDD തീയതി,തിരുവനന്തപുരം, 26-07-2024

---

പരാമർശം:-

1. 04.11.1977 ലെ സ.ഉ(കൈ) 319/77 എൽഎ &എസ് ഡബ്ല്യഡി നമ്പർ ഉത്തരവ്
2. 30.05.2022 ലെ ഡബ്ല്യസിഡി/സി3/46/2022 നമ്പർ നോട്ടിഫിക്കേഷൻ
3. 25.09.2023 തീയതിയിലെ ശ്രീ ചിത്ര ഹോം സൂപ്രണ്ടിന്റെ എസ് സി എച്ച് /68/2023 നമ്പർ കത്ത്

**ഉത്തരവ്**

ശ്രീ ചിത്ര ഹോമിലെ സൂപ്രണ്ട് തസ്തിക ഒഴികെ ബാക്കി തസ്തികകളിലേക്കുള്ള നിയമനം നടത്തേണ്ടത്, പരാമർശം (1) ഉത്തരവ് പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ (ചെയർമാൻ), ഒരു സർക്കാർ പ്രതിനിധി, ഒരു അനൗദ്യോഗിക പ്രതിനിധി (ശ്രീ ചിത്ര ഹോം മാനേജിംഗ് കമ്മിറ്റി പ്രകാരമുള്ളത്) എന്നിവരടങ്ങുന്ന 3 അംഗ സെലക്ഷൻ കമ്മിറ്റിയാണ്. സാമൂഹ്യ നീതി വകുപ്പിൽ നിന്നും ശ്രീ ചിത്ര ഹോം വനിത ശിശു വികസന വകുപ്പ് ഏറ്റെടുത്തതിനെ തുടർന്ന് ശ്രീ ചിത്ര ഹോം മാനേജിംഗ് കമ്മിറ്റി പരാമർശം (2) നോട്ടിഫിക്കേഷൻ പ്രകാരം പുനസംഘടിപ്പിച്ചിട്ടുണ്ട്

2. ശ്രീ ചിത്ര ഹോമിലെ നിലവിൽ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിനായി സെലക്ഷൻ കമ്മിറ്റി രൂപീകരിക്കണമെന്ന് അഭ്യർത്ഥിച്ച് പരാമർശം (3) പ്രകാരം ശ്രീ ചിത്ര ഹോം സൂപ്രണ്ട് പ്രൊപ്പോസൽ സമർപ്പിച്ചിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ ചിത്ര ഹോമിലെ നിലവിലുള്ള ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിനായി തിരുവനന്തപുരം ജില്ലാ കളക്ടറുടെ പ്രതിനിധി ചെയർമാനായും, ശ്രീ ചിത്ര ഹോം സൂപ്രണ്ട്, വനിത ശിശു വികസന (സി) വകുപ്പ് അണ്ടർസെക്രട്ടറി എന്നീ അംഗങ്ങളെ ഉൾപ്പെടുത്തിയും സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിപ്പിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

സന്തോഷ് കുമാർ.റ്റി.കെ.

അഡിഷണൽ സെക്രട്ടറി

പകർപ്പ്

1 ജില്ലാ കളക്ടർ, തിരുവനന്തപുരം

2. അണ്ടർസെക്രട്ടറി. വനിത ശിശു വികസന (സി) വകുപ്പ്

3. സൂപ്രണ്ട് ,ശ്രീ ചിത്ര ഹോം, പഴവങ്ങാടി

4, വെബ് & ന്യൂമീഡിയ

5. ഓഫീസ് കോപ്പി സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Hena. R Raj

സെക്ഷൻ ഓഫീസർ

Date: 26-07-2024 11:16:58